**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 746** **14-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനസൗകര്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി .സത്യൻ,<br>ശ്രീ. പുരുഷൻ കടലുണ്ടി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. എസ്. രാജേന്ദ്രൻ | | Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതിയിൽപെട്ടവരുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ഉന്നതി കൈവരിക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനം വിശദമാക്കാമോ; | (എ) | പട്ടികജാതിയിൽപ്പെട്ടവരുടെ സുസ്ഥിര വികസനം ഉറപ്പാക്കുന്നതിനായി വിദ്യാഭ്യാസ മേഖലയിൽ ഉന്നതി കൈവരിക്കുന്നതിന് ഈ സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു. 1. പട്ടികവിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 50% വർദ്ധിപ്പിച്ചു. 2. നൃത്ത സംഗീത വിഷയങ്ങളിൽ ബിരുദ ബിരുദാനന്തര കോഴ്സുകൾ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വാദ്യോപകരണങ്ങളും ആടയാഭരണങ്ങളും വാങ്ങാൻ ധനസഹായം നൽകുന്ന പദ്ധതി. 3. 5 മുതൽ 8 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് അദ്ധ്യയന വർഷാരംഭത്തിൽ വരുന്ന ചെലവ് കണ്ടെത്തുന്നതിനായി 2000 രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി. 4. പട്ടികജാതി വിദ്യാർത്ഥികളുടെ പഠനത്തിന്റെ ഉയർച്ചക്കായി പഠനമുറി പണിയുന്നതിന് 2,00,000/-രൂപ വീതം നൽകുന്ന പദ്ധതി നടപ്പിലാക്കി. 5. ലാപ്ടോപ്പ് ധനസഹായ പദ്ധതിയിൽ പുതിയതായി Diploma(CS), B.Sc, M.Sc(Computer Science), M.Sc (Electronics), MBBS, BAMS, BHMS, B.VSc & AH, MBA, B.Arch, M.phil, Ph.D എന്നീ കോഴ്സുകളെ ഉൾപ്പെടുത്തി. 6. പട്ടികജാതി വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി B.Tech Drop out വിദ്യാർത്ഥികൾക്കായി 'റെമഡിയൽ കോച്ചിംഗ്' IHRDയുടെ നിയന്ത്രണത്തിലുള്ള മോഡൽ ഫിനിഷിംഗ് സ്കൂൾ വഴി ആരംഭിച്ചു. അതോടൊപ്പം സംസ്ഥാനത്ത് കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള 12 ഗവ/എയ്ഡഡ് കോളേജുകളിൽ ബി.ടെക്കിന് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവരുടെ |

| | | | |
|---|---|---|---|
| | | | പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് പഠനത്തോടൊപ്പം തന്നെ പ്രത്യേക കോച്ചിംഗ് നൽകുന്ന ഒരു പദ്ധതിയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആവിഷ്കരിച്ചിട്ടുണ്ട്. 7. വിദേശ പഠന ധനസഹായത്തിന് പ്രത്യേക മാർഗ്ഗരേഖ പുറത്തിറക്കി 8. മെഡിക്കൽ എഞ്ചിനീയറിംഗ് എൻട്രൻസ് പരിശീലനം (പ്ലസ് ടു പഠനത്തിന് ശേഷം) 9. സ്വാശ്രയ സ്ഥാപനങ്ങളിലെ പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്നവർക്ക് സർക്കാർ നിശ്ചയിക്കുന്ന ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവയും ലംപ്സം ഗ്രാന്റ്, സ്റ്റൈപന്റ്, പോക്കറ്റ് മണി, ഹോസ്റ്റൽ ചാർജ്ജ് (പരമാവധി 4500 രൂപയും) നൽകുന്നു. 10. വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ പ്രവർത്തിച്ചു വരുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഫോർ സിവിൽ സർവ്വീസ് എക്സാമിനേഷൻ ട്രെയിനിംഗ് സൊസൈറ്റി (ICSETS)യുടെ മേൽനോട്ടത്തിൽ സംസ്ഥാനത്ത് സിവിൽ സർവ്വീസ് പരിശീലനത്തിൽ മുമ്പിൽ നിൽക്കുന്നതും സർക്കാർ സംരംഭവുമായ കേരള സ്റ്റേറ്റ് സിവിൽ സർവ്വീസ് അക്കാദമി മുഖേന പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് 2018-19 മുതൽ സിവിൽ സർവ്വീസ് പരിശീലനം നൽകി വരുന്നു. 11. ICSETS-ൽ പ്രവേശന പരീക്ഷ നടത്തി തെരഞ്ഞെടുക്കുന്ന സമർത്ഥരായ 30 പട്ടികജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് കേരളത്തിലുള്ള മികച്ച സ്ഥാപനങ്ങൾ വഴി പരിശീലനം നൽകുന്നതിലേയ്ക്ക് "ലക്ഷ്യ സ്കോളർഷിപ്പ്" 2019-20 വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 12. വകുപ്പിന്റെ നിയന്ത്രണത്തിൽ മണ്ണന്തലയിൽ പ്രവർത്തിച്ചുവരുന്ന Institute for Civil Service Examination Training Society (ICSETS)യിൽ 30 വിദ്യാർത്ഥികൾക്കായി തിരുവനന്തപുരം പ്രസ് ക്ലബ് ജേണലിസം ഇൻസ്റ്റിറ്റ്യൂട്ട് നടത്തുന്ന ഒരു വർഷത്തെ പോസ്റ്റ് ഗ്രാജ്വേറ്റ് ജേണലിസം ഡിപ്ലോമ കോഴ്സ് ആരംഭിച്ചു. |
| (ബി) | പട്ടികജാതിയിൽപ്പെട്ട വിദ്യാർത്ഥികളുടെ പഠനസൗകര്യം വർദ്ധിപ്പിച്ച് പഠന നിലവാരം ഉയർത്തുകയെന്ന ലക്ഷ്യത്തോടെ പ്രഖ്യാപിച്ച പഠനമുറി പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്. പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പഠനമുറി പദ്ധതി പ്രകാരം സംസ്ഥാനത്തെ ഗവ/ എയ്ഡഡ്/ടെക്നിക്കൽ/സ്പെഷ്യൽ സ്കൂളുകളിൽ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന 1,00,000/- രൂപ വരെ വാർഷിക കുടുംബ വരുമാനമുള്ള പട്ടികജാതി വിഭാഗക്കാർക്ക് നിലവിലെ വീടിനോടൊപ്പം പഠനമുറി നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ വരെ ധനസഹായം 2017-18 വർഷം മുതൽ നൽകി വരുന്നു. പഠനമുറി പദ്ധതി പ്രകാരം 25096 പഠനമുറികൾ അനുവദിക്കുകയും നാളിതുവരെ 14221 |

| | | | |
|---|---|---|---|
| | | | പഠനമുറികൾ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2017-18 വർഷം അനുവദിച്ച 6623 പഠനമുറികളിൽ 6090 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 533 പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2018-19 വർഷം അനുവദിച്ച 4980 പഠനമുറികളിൽ 4267 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 713 പഠനമുറികളുടെ നിർമ്മാണം പുരോഗമിക്കുന്നു. 2019-20 വർഷം അനുവദിച്ച 4993 പഠനമുറികളിൽ 3327 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 1666 എണ്ണത്തിന്റെ പണി പുരോഗമിക്കുന്നു. 2020-21 വർഷം 8500 പഠനമുറികൾ നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇതിൽ 537 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ഈ സർക്കാർ അധികാരത്തിലെത്തിയശേഷം ഇവരുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളിൽ വർദ്ധനവ് വരുത്തിയിരുന്നോയെന്ന് അറിയിക്കാമോ; | (സി) | ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പട്ടികജാതിയിൽപ്പെട്ടവരുടെ വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 2 പ്രാവശ്യം വർദ്ധനവ് വരുത്തിയിട്ടുണ്ട്. 1) 23.07.2016 സ.ഉ(അച്ചടി) 4/2016/പജപവവിവ പ്രകാരം പട്ടികവിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസാനുകൂല്യം 25% വർദ്ധിപ്പിച്ചു. 2) 09.01.2020 ലെ സ.ഉ(അച്ചടി)1/2020/പജപവവിവ പ്രകാരം നിലവിലുള്ളതിൽ നിന്നും വീണ്ടും 20% വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. |
| (ഡി) | അഖിലേന്ത്യാ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് തുകയ്ക്കുവേണ്ട ഫണ്ടിൽ കേന്ദ്ര സർക്കാർ വെട്ടിക്കുറവു വരുത്തിയിട്ടുണ്ടോ; ഇതു തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഡി) | ഇല്ല. എന്നാൽ 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ അഖിലേന്ത്യാ പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് വിതരണത്തിനു ആവശ്യമായ കേന്ദ്ര സർക്കാർ വിഹിതം അപര്യാപ്തമാണെന്നത് കേരളം ഉൾപ്പെടെയുള്ള വിവിധ സംസ്ഥാന ഗവൺമെന്റുകൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയതിനെ തുടർന്ന് കേന്ദ്ര-സംസ്ഥാന വിഹിതം 60:40 എന്ന രീതിയിൽ ഉയർത്തുന്നതിനായി കേന്ദ്ര സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ